ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം

**FinA4/25631/2016/HSE** തീയതി: 16/02/2017

## സർക്കുലർ

സർ,

വിഷയം:- കെ.എ. എച്ച്.എസ്.എസ്(+2) ഇ.പി.എഫ് - ഡാറ്റ എൻട്രി - സംബന്ധിച്ച്

സൂചന:- 01/02/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

എല്ലാ ജില്ലകളിലെയും എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ 2015-16 വരെയുള്ള ഗെയ്ൻ പി.എഫ്(പി.എഫ് ക്രെഡിറ്റ് & ഡെബിറ്റ്) സ്കൂൾ ലെവൽ എൻട്രിയുടെ 15/02/2017 വരെയുള്ള പ്രവർത്തന പുരോഗതി പരിശോധിച്ചതിൽ 528 സ്കൂളുകൾ 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി ആകെ 133 സ്കൂളുകൾക്ക് 2015-16 വരെയുള്ള ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്. 15/02/2017 നുള്ളിൽ 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തീകരിക്കാത്ത സ്കൂളുകളുടെ ഗെയ്ൻ പി.എഫ് സോഫ്ട് വെയറിന്റെ ലിങ്ക് അവസാനിപ്പിക്കുന്നതാണെന്ന് സൂചന സർക്കുലർ പ്രകാരം അറിയിച്ചതിനുശേഷവും പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസറഗോഡ് ജില്ലകളിലെ ഒന്നു വീതവും കണ്ണൂർ ജില്ലയിലെ 6 സ്കൂളുകളും ഡാറ്റ എൻട്രി ആരംഭിക്കുന്നതിന് യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ വിവിധ ജില്ലകളിലായി ധാരാളം സ്കൂളുകൾ ഉണ്ട്. പ്രസ്തുത സ്കൂളുകളിൽ എല്ലാ വർഷവും ജീവനക്കാരുടെ സ്ഥലമാറ്റവും നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ജില്ലകളിലേയും സ്കൂളുകളുടെ 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തികരിച്ചാൽ മാത്രമേ പൂർണ്ണമായി ക്രെഡിറ്റ് കാർഡ് നൽകാൻ കഴിയുകയുള്ളൂ. കൂടാതെ ക്രെഡിറ്റ് കാർഡ് ലഭ്യമായെങ്കിൽ മാത്രമേ പി.എഫ് ലോണിനും മറ്റും അപേക്ഷിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ നാളിതു വരെ എൻട്രി ആരംഭിക്കാത്ത പാലക്കാട് ജില്ലയിലെ ശബരി പി.ടി.ബി സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ(9[illegible]50), മലപ്പുറം ജില്ലയിലെ ബി.ഇ.എം.എസ് എച്ച്.എസ്.എസ്(11229), കോഴിക്കോട് ജില്ലയിലെ പാവണ്ടൂർ ഹയർസെക്കന്ററി സ്കൂൾ(10031), കണ്ണൂർ ജില്ലയിലെ പി.ആർ.എം. എച്ച്എസ്.എസ് (13050), എൻ.എ.എം. എച്ച്.എസ്.എസ്(13066), എം.എം .എച്ച്.എസ്.എസ്(13070), രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.

എസ്(13146), നടുവിൽ എച്ച്.എസ്.എസ്.(13162), ബി.ഇ.എം.പി. എച്ച്.എസ്.എസ്(13166), കാസറഗോഡ് ജില്ലയിലെ എസ്.എസ്. എച്ച്.എസ്.എസ്. (14024) എന്നീ സ്കൂളുകളുടെ ഡാറ്റ എൻട്രി ആരംഭിക്കുന്നതിന് 2006-2007 വർഷത്തെ പ്രോവിഡന്റ് ഫണ്ടുമായി ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം അതതു സ്കൂളുകളുടെ പ്രതിനിധികൾ 28/02/2017 നു മുമ്പായി ഡയറക്ടറേറ്റിൽ ഹാജരാകേണ്ടതാണ്.

നിലവിൽ ഡാറ്റ എൻട്രി നടത്തികൊണ്ടിരിക്കുന്ന സ്കൂളുകൾക്ക് ആയത് പൂർത്തീകരിക്കുന്നതിന് 25/02/2017 വരെ സമയം അനുവദിക്കുന്നതാണ്. പ്രസ്തുത സമയ പരിധി കഴിഞ്ഞാൽ ഗെയ്ൻ പി.എഫ് സോഫ്ട്വെയർ ലിങ്ക് അവസാനിപ്പിക്കുന്നതാണ്.

എൻട്രി പൂർത്തിയാക്കിയതിനുശേഷം പലിശ ഉൾപ്പെടുത്താതെയുള്ള ക്രെഡിറ്റ് കാർഡ് വീക്ഷിക്കുന്നതിനുള്ള സൗകര്യം ഗെയ്ൻ പി.എഫ് സോഫ്ടുവെയറിലുണ്ട്. എന്നാൽ പലിശ കൂടി ഉൾപ്പെടുത്തിയ ക്രെഡിറ്റ് കാർഡ് ലഭ്യമാവുന്നതിനു മുമ്പേ സോഫ്ടുവെയറിൽ നിന്നും ക്രെഡിറ്റ് കാർഡ് പ്രിന്റ് എടുത്ത് അക്കൗണ്ട്സ് ഓഫീസർ/ഫിനാൻസ് ഓഫീസറുടെ ഒപ്പ് വരേണ്ട സ്ഥലത്ത് എയ്ഡഡ് ഹയർ സെക്കന്ററി പ്രിൻസിപ്പൽ ഒപ്പ് വെച്ച് സീൽ ചെയ്ത് ക്ലോഷറിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ശരിയായ പ്രവണതയല്ല. 2015-16 വരെയുള്ള പി.എഫ് ക്രെഡിറ്റ് & ഡെബിറ്റ് എൻട്രി പൂർത്തിയായി കഴിഞ്ഞാൽ വകുപ്പുതല സ്ക്രൂട്ടിനി, വേരിഫിക്കേഷൻ, അപ്രൂവൽ എന്നിവയ്ക്കുശേഷം മാത്രമേ അക്കൗണ്ട്സ് ഓഫീസറുടെ ഡിജിറ്റൽ സിഗ്നേച്ചറുള്ള പലിശ ഉൾപ്പെടുത്തികൊണ്ടുള്ള ക്രെഡിറ്റ് കാർഡ് ലഭ്യമാവുകയുള്ളൂ. അപ്രകാരമുള്ളതല്ലാത്ത ക്രെഡിറ്റ് കാർഡിന് സാധുതയില്ല.

സീനിയർ ഫിനാൻസ് ഓഫീസർ

ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

All RDDs, Sri; Aswir Eddin, Technical Director, NIC.

E mail- finagainpfdhse@gmail.com Contact No. 04712320928, 9400176972